കേരള സർക്കാർ

നമ്പർ 4861/ഇ2/11/നി.വ.

നികുതി (ഇ) വകുപ്പ്

തിരുവനന്തപുരം,തീയതി 17-12-2011

**സർക്കുലർ**

വിഷയം: നികുതി വകുപ്പ് - രജിസ്ട്രേഷൻ- ഒസ്യത്ത് - ഇരട്ടിപ്പ് രജിസ്ട്രാക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

ഒസ്യത്ത്, ഇരട്ടിപ്പ് സഹിതം, രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് പല സബ് രജിസ്ട്രാർമാർ വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

രജിസ്റ്റർ ചെയ്യുന്നതിനായി ഹാജരാക്കുന്ന ഒസ്യത്ത്, വേറെ വല്ല ആധാരവും രജിസ്റ്റർ ചെയ്യുന്നതുപോലെ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന്, രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 41-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഒസ്യത്ത് ഇരട്ടിപ്പ് രജിസ്റ്റർ ചെയ്യരുതെന്ന് ആക്ടിലോ, റൂളിലോ വ്യവസ്ഥ ചെയ്തിട്ടില്ല.

ഒസ്യത്ത് സ്റ്റാമ്പ് ഡ്യൂട്ടി ചുമത്തേണ്ടതില്ലാത്തതിനാൽ, കേരള മുദ്രപ്പത്ര നിയമം പട്ടിക ആർട്ടിക്കിൾ 24 അനുസരിച്ച് ആയതിന്റെ ഇരട്ടിപ്പിന് മുദ്രസല ചുമത്തേണ്ടതില്ലെങ്കിലും പട്ടിക ആർട്ടിക്കിൾ 1(ആർ) അനുസരിച്ച് രജിസ്ട്രേഷൻ ഫീസ് ആവശ്യമാണ്.

ആയതിനാൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി മാത്രം പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥരെ അറിയിക്കുന്നതോടൊപ്പം ആയത് പാലിക്കുന്നുണ്ടോയെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഉറപ്പു വരുത്തേ ണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

എ.അജിത്കുമാർ

സെക്രട്ടറി

www.eaadharam.in